**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീട്ടുകളിലും 2024ഓടു കൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ കുടുംബങ്ങൾക്കും, സ്ത്രീകൾക്കും, ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്ന ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. കേരളത്തിലെ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1/4/2020 വരെ 17.5 ലക്ഷം കണക്ഷനുകളാണ് നിലവിലുള്ളത്. ബാക്കി 49.65 ലക്ഷം കണക്ഷനുകളാണ് 2024നകം നൽകേണ്ടത്. ഈ ലക്ഷ്യം കൈവരിക്കുന്ന തരത്തിലുള്ള പദ്ധതി ആസൂത്രണവും സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ പദ്ധതി നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് 08/06/2020ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻ പ്രകാരം സംസ്ഥാന തലത്തിൽ SWSM (സ്റ്റേറ്റ് വാട്ടർ &സാനിറ്റേഷൻ മിഷൻ, ജില്ലാ തലത്തിൽ DWSM (ഡിസ്ട്രിക്ട് വാട്ടർ &സാനിട്ടേഷൻ മിഷൻ) എന്നിവ രൂപീകരിച്ചു. 2020-21ലേക്ക് തയ്യാറാക്കിയ പദ്ധതി പ്രകാരം 586 വില്ലേജുകളിലെയും 380 പഞ്ചായത്തുകളിലെയും 23 ബ്ലോക്ക് പഞ്ചായത്തുകളിലെയും 100% ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻതൂക്കം ഉള്ള വില്ലേജുകൾക്കും, ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിത സാന്നിധ്യം മൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും കൂടുതൽ പരിഗണന |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. മുൻപ് പൈപ്പ് വെള്ളം ഉണ്ടായിരുന്ന കേന്ദ്രങ്ങളിൽ നിലവിലെ അവസ്ഥ പുനപരിശോധിച്ച് പദ്ധതികളിൽ ആവശ്യമായ ശാക്തീകരണം നടത്തി ജല ലഭ്യത ഉറപ്പ് വരുത്താനുതകുന്ന പ്രവർത്തികളും ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024ഓടെ എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020 ജൂലൈയിൽ ഈ വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ചതിനെ തുടർന്ന് പദ്ധതി നിർവഹണത്തിനായി പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി വിവിധ സമിതികൾ ഊർജിതമായ പ്രവർത്തനം നടത്തി വരുന്നു. ഈ വർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി, കെ ആർ ഡബ്ല്യ എസ് എ, ഭൂജല വകുപ്പ് തുടങ്ങിയവ മുഖാന്തിരമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചെലവ് എപ്രകാരമാണ്; ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇതിനകം എത്ര തുകയാണ് അനുവദിച്ചത്; | (ബി) | പദ്ധതി നടത്തിപ്പിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 10ശതമാനം ഉപഭോക്തൃ വിഹിതമാണ്. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷം 101.29 കോടിരൂപ അനുവദിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തേക്ക് 404.24 കോടി രൂപ വകയിരുത്തിയതിൽ ഇതുവരെ 72.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നിലവിൽ എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്; 2020-21 ൽ പദ്ധതി ലക്ഷ്യമിടുന്നത് എത്ര കണക്ഷനുകളാണ്, വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം 1ഉം 2 ഉം ഘട്ടങ്ങളിലായി 748 പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. 2020-21 ൽ സംസ്ഥാനത്ത് ഒട്ടാകെ 21.42 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ